## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3918 | 12.12.2018-ൽ മറുപടിക്ക് |
|---|---|

**ടെക്നോപാർക്കിൽ ജോലിക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്**

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ടെക്നോപാർക്കിലും അവിടെ സ്ഥിതി ചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങളിലും ജോലിക്കുവേണ്ടി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ടെക്നോപാർക്കിലും അവിടെ സ്ഥിതി ചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങളിലും ജോലിക്ക് വേണ്ടി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ല. അപേക്ഷകർ ആവശ്യപ്പെടുന്നവെങ്കിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകാറുണ്ട്. |
| (ബി) | പി.സി.സി. നല്കുന്നതിന് ഫീസായി എന്തെങ്കിലും തുക ഈടാക്കുന്നുണ്ടോ; എങ്കിൽ 6 മാസത്തെ കാലാവധിയുള്ള പി.സി.സി. സർട്ടിഫിക്കറ്റിന് ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ 525/-രൂപ ഫീസായി ഈടാക്കി വരുന്നു. |
| (സി) | ഇപ്രകാരം തുക ഈടാക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശം നൽകുമോ; | (സി) | സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നം. D3/17086/2018/PHQ dated 09.03.2018 (Executive Directive No.07/2018) എല്ലാവിധ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്കും 500/-രൂപ ഫീസായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (അച്ചടി) നം.44/2018 ധന. തീയതി 17.03.2018 പ്രകാരം സർക്കാർ വകുപ്പുകൾ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കും 01.04.2018 മുതൽ 5% വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ PCC യുടെ ഫീസ് 500/-രൂപയിൽ നിന്ന് 525/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തുച്ഛ വരുമാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പി.സി.സി. ക്ക് ഈടാക്കുന്ന ഫീസിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ